"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നിയോജകമണ്ഡല അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന നിലാവെട്ടം 2023 പ്രദർശന-വിപണന-കലാമേളയ്ക്ക് നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

സ.ഉ.(സാധാ) നം.869/2023/LSGD തീയതി,തിരുവനന്തപുരം, 12-04-2023

---

പരാമർശം:-
1. ബഹു. കുന്നംകുളം എം.എൽ.എ യുടെ 29.03.2023 തീയതിയിലെ എൻ/4411/23 നമ്പർ കത്ത്
2. നിലാവെട്ടം 2023 കുന്നംകുളം സംഘാടക സമിതിയുടെ 28.03.2023 തീയതിയിലെ കത്ത്

**ഉത്തരവ്**

കുന്നംകുളം നിയോജക മണ്ഡല അടിസ്ഥാനത്തിൽ, നിലാവെട്ടം 2023 എന്ന പേരിൽ 2023 ഏപ്രിൽ 13 മുതൽ 30 വരെ സംസ്കാരിക, പ്രദർശന വിപണന, കലാമേള നടത്തുവാൻ തീരുമാനിച്ചതായും, ടി പരിപാടിയുടെ നടത്തിപ്പിനായി കുന്നംകുളം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ കുന്നംകുളം നഗരസഭയിൽ നിന്നും രണ്ട് ലക്ഷം രൂപയും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 75,000/- രൂപയും കടവല്ലൂർ, കാട്ടകാമ്പാൽ, പൊർക്കുളം, ചൊവ്വന്നൂർ, കടങ്ങോട്, എരുമപ്പെട്ടി, വേലൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 30,000/- രൂപ വീതവും തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം ബഹു. കുന്നംകുളം എം.എൽ.എ.യും പരാമർശം (2) പ്രകാരം നിലാവെട്ടം 2023 കുന്നംകുളം സംഘാടക സമിതിയും അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുന്നംകുളം നിയോജക മണ്ഡല അടിസ്ഥാനത്തിൽ, നിലാവെട്ടം 2023 എന്ന പേരിൽ സംസ്കാരിക, പ്രദർശന വിപണന, കലാമേള നടത്തുവാൻ, കുന്നംകുളം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായ കുന്നംകുളം നഗരസഭയിൽ നിന്നും രണ്ട് ലക്ഷം രൂപയും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 75,000/- രൂപയും കടവല്ലൂർ, കാട്ടകാമ്പാൽ, പൊർക്കുളം, ചൊവ്വന്നൂർ, കടങ്ങോട്, എരുമപ്പെട്ടി, വേലൂർ, എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 30,000/- രൂപ വീതവും

തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് കുന്നംകുളം നഗരസഭയ്ക്കും ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിനും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
കുന്നംകുളം നിയോജക മണ്ഡലത്തിലെ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്/ സെക്രട്ടറിമാർക്ക്
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കുന്നംകുളം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 12-04-2023 15:35:34
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി